(ജി) ആദിവാസി കുട്ടികൾ പഠിക്കുന്നതിനായി ഈ സ്കൂൾ നിലനിർത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദ മാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ 4 അദ്ധ്യാപകർ ജോലി നോക്കുന്നുണ്ട്.

(ബി) നാല് അദ്ധ്യാപക തസ്തികകളാണുള്ളത്.

(സി) റാന്നി, പെരിനാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്.

(ഡി) ഈ സ്കൂളിനെ ട്രൈബൽ സ്കൂളായി അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(ഇ) ഈ സ്കൂളിൽ ഇപ്പോൾ ആകെ 24 കുട്ടികളാണുള്ളത്. ക്ലാസ് തിരിച്ചുള്ള കുട്ടികളുടെ എണ്ണം താഴെ ചേർക്കുന്നു:

ക്ലാസ്		എണ്ണം
1		6
2		8
3		8
4		2
	ആകെ	24

(എഫ്) ഒരു അദ്ധ്യാപികയ്ക്ക് മാത്രമേ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത യുള്ളൂ. മറ്റ് മൂന്ന് പേരെ 2000-01 വർഷത്തേക്ക് ട്രെയിനിംഗ് യോഗ്യത നേടുന്ന തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. തുടർന്നുള്ള വർഷത്തേക്ക് ഉത്തരവ് നൽകി യിട്ടില്ല.

(ജി) അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ഈ സ്കൂൾ നിലനിർത്തുന്ന കാര്യം പരിശോധിച്ചു വരികയാണ്.

നല്ലളം ഗവ. എം. യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം

92 [1502] ശ്രീ. വി.കെ.സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നല്ലളം ഗവ. എം.യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഈ ആവശ്യം അംഗീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് സ്കൂളുകൾ പുതുതായി തുടങ്ങുന്നതിനോ അപ്ഗ്രഡ് ചെയ്യുന്നതിനോ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി ആന്റ് സി) കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം അഞ്ചിലെ നിയമങ്ങൾക്കനുസൃതമായി അടുത്തുള്ള സ്കൂളുകളുടെ ദൂരപരിധി, ആ പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ ആവശ്യകത, മറ്റു സ്കൂളുകളുടെ നിലനിൽപ്പിനെ ബാധിക്കാതിരിക്കൽ, സർക്കാരിന്റെ നയപരമായ തീരുമാനം എന്നീ കാര്യങ്ങൾ കണക്കിലെടുത്താണ്.

(ഡി) സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രഡ് ചെയ്യുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

മഞ്ചേരി നിയോജകമണ്ഡലത്തിലെ സർക്കാർ എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായി അപ്ഗ്രഡ് ചെയ്യാൻ നടപടി

93 [1503] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡത്തിലെ സർക്കാർ എൽ.പി. സ്കൂളുകൾ യു. പി. സ്കൂളുകളായി അപ്ഗ്രഡ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ ഈ വർഷം അപ്ഗ്രഡ് ചെയ്യുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പന്തളം ചേരിക്കൽ എൽ.പി. സ്കൂൾ അപ്ഗ്രഡ് ചെയ്യുന്ന നടപടിയും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്ന നടപടിയും

94 [1504] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പിന്നോക്ക സമുദായങ്ങൾ തിങ്ങിപ്പാർക്കുന്ന പന്തളം മണ്ഡലത്തിലെ പത്തനംതിട്ട ജില്ലയിൽപ്പെടുന്ന പന്തളം ചേരിക്കൽ എൽ. പി. സ്കൂൾ അപ്ഗ്രഡ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly